ഉത്തരം

(എ—സി) പുതിയ താപവൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിനു ലഭിച്ച തുക

6 [5962] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഏപ്രിൽ, മേയ് മാസത്തിൽ കറണ്ടു ചാർജ്ജിനത്തിൽ ബോർഡിന് ലഭിച്ച തുക ഓരോ മാസവും എത്ര;

(ബി) നിലവിൽ വൈദ്യുതി നിരക്ക് ഗാർഹിക, കാർഷിക, വ്യാവസായിക അടിസ്ഥാനത്തിൽ യൂണിറ്റിന് എത്രയാണ്;

(സി) നിലവിലുള്ള വൈദ്യുതി നിരക്ക് എന്നുമുതലാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 ഏപ്രിൽ മാസത്തിൽ കറണ്ടു ചാർജ്ജിനത്തിൽ 255.19 കോടി രൂപയും മേയ്മാസത്തിൽ 262.62 കോടി രൂപയും ലഭിക്കുകയുണ്ടായി.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

(സി) 1-10-2002 മുതലാണ് നടപ്പിലാക്കിയത്.

പവർ ഹൈവേ സ്ഥാപിക്കാനുള്ള നടപടികൾ

7 [5963] ശ്രീ. രാജു എബ്രഹാം:
,, പി. ജയരാജൻ:
,, ടി. കെ. ബാലൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു പവർ ഹൈവേ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പവർ ഗ്രിഡ് കോർപ്പറേഷനുമായി ഏതെല്ലാം ലൈനുകളുടെ കാര്യത്തിലാണ് ധാരണയായിട്ടുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മധുര-തിരുവനന്തപുരം ലൈനിന്റെയും മൈസൂർ-അരീക്കോട് ലൈനിന്റെയും കോഴിക്കോട്, മാടക്കത്തറ, തിരുവനന്തപുരം 400 കെ. വി. സബ് സ്റ്റേഷനുകളുടെയും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്;

(ഡി) പദ്ധതികളോരോന്നും ഇപ്പോൾ എത്ര ശതമാനം വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) ഇപ്പോഴത്തെ സ്ഥിതിയിൽ ഇവ ഓരോന്നും എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൂടംകുളം ആണവനിലയത്തിന്റെ രണ്ടാം ഘട്ടത്തിൽ നിന്നും പവർ എടുക്കുന്നതിനോടനുബന്ധിച്ച് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മധുര-തിരുവനന്തപുരം ലൈനിൽ തെങ്കാശിയിൽ ഒരു 400 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും അവിടെ നിന്നും ഇടമൺ-കൊച്ചി വഴി തൃശ്ശൂർ വരെ 400 കെ. വി. ലൈൻ നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

അതോടൊപ്പം കായംകുളം രണ്ടാം ഘട്ടത്തിനോടനുബന്ധിച്ച് ഭാവിയിൽ തൃശ്ശൂർ മുതൽ കോഴിക്കോട് (അരീക്കോട്) വരെ 400 കെ. വി. ലൈൻ നിർമ്മിക്കാനും തീരുമാനമായിട്ടുണ്ട്. ഇതുകൂടാതെ മൈസൂർ-കോഴിക്കോട് (അരീക്കോട്) 400 കെ. വി. ലൈനും, കോഴിക്കോട് ഒരു 400 കെ. വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നതിനായി കൈനായിൽ വച്ചു ചേർന്ന പവർ സിസ്റ്റം പ്ലാനിംഗ് കമ്മിറ്റിയുടെ മീറ്റിംഗിലും തുടർന്ന് നടന്ന എസ്. ആർ. ഇ. ബി. മീറ്റിംഗിലും തീരുമാനമായിട്ടുണ്ട്.

(ബി) പവർ ഗ്രിഡ് കോർപ്പറേഷനുമായി മധുര-തിരുവനന്തപുരം 400 കെ. വി. ലൈൻ പണിയുവാൻ ധാരണയായി. കൂടാതെ ഇടമൺ-കൊച്ചി-തൃശ്ശൂർ വഴി കോഴിക്കോട് (അരീക്കോട്) 400 കെ. വി. ലൈനും മൈസൂർ-കോഴിക്കോട് 400 കെ. വി. ലൈനും പണിയുവാൻ തീരുമാനമായിട്ടുണ്ട്.

(സി) മധുര-തിരുവനന്തപുരം ലൈനിന്റെയും തിരുവനന്തപുരം 400 കെ. വി. സബ് സ്റ്റേഷന്റെയും പണി പി. ജി. സി. ഐ. ലിമിറ്റഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് ചെയ്യുന്നത്. 2003 ഡിസംബറോടുകൂടി പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മൈസൂർ-അരീക്കോട് ലൈനിന്റെയും കോഴിക്കോട്-മാടക്കത്തറ-തിരുവനന്തപുരം ലൈനിന്റെയും പണികൾ പി. ജി. സി. ഐ. ലിമിറ്റഡ് ആണ് ചെയ്യേണ്ടത്. ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്. ടാർജറ്റ് തീയതി നിശ്ചയിച്ചിട്ടില്ല. ഇടമൺ-കൊച്ചി-തൃശ്ശൂർ വഴി കോഴിക്കോട് 400 കെ. വി. ലൈനിന്റെ നിർമ്മാണം സംബന്ധിച്ചുള്ള റിപ്പോർട്ട് തുടർനടപടികൾക്കു വേണ്ടി പി. ജി. സി. ഐ. ലിമിറ്റഡിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിക്കും സമർപ്പിച്ചിട്ടുണ്ട്. മാടക്കത്തറ 400 കെ. വി. സബ്സ്റ്റേഷൻ ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മധുര-തിരുവനന്തപുരം ലൈനിന്റെ പണി ഉദ്ദേശം 55% പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം 400 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം 50 ശതമാനത്തോളം തീർന്നിട്ടുണ്ട്. ജോലികൾ പുരോഗമിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം 400 കെ. വി. സബ്സ്റ്റേഷന്റെയും ലൈനിന്റെയും പണി 2003 ഡിസംബർ 31-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ടാർജറ്റ് തീയതികൾ ഇപ്പോൾ പറയാവുന്ന സ്ഥിതിയിലല്ല.

2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട്

8 [5964] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഉൽപ്പാദന വിതരണ പ്രസരണ മേഖല ലാഭം മാത്രം ലാക്കാക്കുന്ന സ്വകാര്യ കമ്പനികൾക്കും വിദേശ കമ്പനികൾക്കും നിക്ഷേപത്തിന് വിട്ടുകൊടുത്താൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാർലമെന്റിൽ ബിൽ അവതരിപ്പിക്കുന്നതിന് മുൻപ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരായുകയുണ്ടായോ; ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളോട് സർക്കാരിന് വിയോജിപ്പുണ്ടായിരുന്നോ;

(സി) സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും പൊതു താൽപ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഈ വിഷയത്തിന്റെ ഭവിഷ്യത്തുകളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് പഠിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആരാഞ്ഞിരുന്നു. ഇക്കാര്യത്തിലുള്ള കേരള സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

(സി) ആക്ടിലെ വ്യവസ്ഥകൾ വിശദമായി പരിശോധിക്കേണ്ടതുണ്ട്.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ ദീർഘകാല കരാറിന്റെ കാലാവധി

9 [5965] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly